**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2543** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമസഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് രാജിന്റെ പ്രധാന ഘടകമായ ഗ്രാമസഭയിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 എ (4) പ്രകാരം ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയിരിക്കുന്നതാണ്. എന്നാൽ ക്വാറം തികയാതെ മാറ്റിവയ്ക്കുന്ന ഗ്രാമസഭയുടെ ഒരു യോഗം വീണ്ടും കൂടുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ ക്വാറം അൻപത് ആയിരിക്കുന്നതാണ്. ക്വാറം തികയാതെ ഗ്രാമസഭകൾ മാറ്റിവയ്ക്കേണ്ട സാഹചര്യം ഗ്രാമപഞ്ചായത്തുകളിൽ വന്നിട്ടുണ്ട്. |
| (ബി) | ഗ്രാമസഭാ യോഗത്തിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് പ്രദേശത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് പ്രസ്തുത പോർട്ടലിൽ സംവിധാനം ഉണ്ടാകുന്നതാണ്. ഇതുവഴി ഗ്രാമസഭകൾ ഓൺലൈനായി സംഘടിപ്പിക്കുന്നതിനും ഏതൊരു വ്യക്തിക്കും അവർ ഇപ്പോൾ നിൽക്കുന്ന സ്ഥലങ്ങളിൽ നിന്നും ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനും സാധിക്കുന്നതും അതു വഴി ഗ്രാമസഭകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്. |
| (സി) | ഗ്രാമസഭാ മിനിട്ട്സിൽ കൃത്യമായി ഹാജർ രേഖപ്പെടുത്തുകയും തീരുമാനങ്ങളും ചർച്ചകളും കൃത്യസമയത്ത് തന്നെ എഴുതി ചേർക്കുകയും ചെയ്യുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ? | (സി) | ഗ്രാമസഭാ മിനിട്സിൽ കൃത്യമായി ഹാജർ രേഖപ്പെടുത്തുകയും തീരുമാനങ്ങളും ചർച്ചകളും കൃത്യസമയത്ത് തന്നെ എഴുതിച്ചേർക്കുകയും ചെയ്യുന്നത് സംബന്ധിച്ച് 10/09/1998-ൽ 37806/L3/98/LAD പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ